(ഡി) നിലയ്ക്കലിൽ ഒരിടത്താവളം ഒരുക്കുന്നതിനും പാർക്കിംഗ് സൗകര്യം വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നിർദ്ദേശങ്ങളാണ് ഒന്നാംഘട്ട വികസന പ്രവർത്തനത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്നത് ;

(ഇ) ഒന്നാംഘട്ട പ്രവർത്തനങ്ങൾ അടുത്ത സീസണിനുമുൻപ് പൂർത്തിയാക്കാൻ കഴിയുമോ എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് 122.50 കോടി രൂപയുടെ പ്രവർത്തനങ്ങൾ ചെയ്യാനാണ് ഉന്നതതല സമിതി തീരുമാനിച്ചിട്ടുള്ളത്.

(സി&ഡി) ആദ്യഘട്ട പ്രവൃത്തികളിൽ ഉൾപ്പെടുത്തി നിലയ്ക്കലിൽ വിപുലമായ പാർക്കിംഗ് സൗകര്യം ഉണ്ടാക്കുകയും നിലയ്ക്കലിനെ പ്രധാന ബേസ് ക്യാമ്പായി വികസിപ്പിക്കുകയുമാണ് പ്രധാന ലക്ഷ്യം. നിലയ്ക്കലിൽ താമസ സൗകര്യം വർദ്ധിപ്പിക്കാൻ ശബരിഭവനുകളുടെ നിർമ്മാണം, ട്രാൻസ്പോർട്ട് ബസ് ടെർമിനൽ, ഉൾറോഡുകളുടെ നിർമ്മാണം, ചെക്ക് ഡാം എന്നീ പ്രവൃത്തികൾ ഒന്നാം ഘട്ടത്തിൽ ഉദ്ദേശിക്കുന്നു. നിലയ്ക്കൽ ബേസ് ക്യാമ്പായി വികസിപ്പിക്കുന്നതിലൂടെ സന്നിധാനത്തേയ്ക്കുള്ള തിരക്ക് ഒരു പരിധിവരെ ക്രമീകരിക്കാനാവും കൂടാതെ സന്നിധാനത്ത് ക്യൂ കോംപ്ലക്സ് നിർമ്മാണം ക്ഷേത്രദർശനം കഴിഞ്ഞ് തിരിച്ചുപോകാൻ ഒരു മേൽപ്പാലത്തിന്റെ നിർമ്മാണം ഇരുനിലയുള്ള വലിയ നടപ്പന്തൽ നിർമ്മാണം, തിരുമുറ്റം വിപുലീകരണം, പ്രസാദ കോംപ്ലക്സ് പുനർവിന്യാസം, അന്നദാനമണ്ഡപ നിർമ്മാണം, റോപ്പ്വേ, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവയും ഒന്നാംഘട്ടത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ഇ) ഒന്നാംഘട്ട പ്രവർത്തനങ്ങൾ മുഴുവൻ 2015-നുമുമ്പ് നടപ്പാക്കാനാണ് മാസ്റ്റർ പ്ലാനിൽ ലക്ഷ്യമിട്ടിട്ടുള്ളത്. അവയിൽ ചിലത് അടുത്ത സീസണിനു മുമ്പ് നടപ്പാക്കാൻ ഉദ്ദേശിച്ചുകൊണ്ട് മുൻഗണന നൽകിയിട്ടുണ്ട്.

ശബരിമലയിലെ വികസന പ്രവർത്തനങ്ങൾ

230 (1700) ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടകർക്ക് കൂടുതൽ സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി നിലയ്ക്കലിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്താനാണ് ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുള്ളത് ;

(ബി) വാഹന പാർക്കിംഗിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) തീർത്ഥാടകർക്ക് താമസസൗകര്യം ലഭ്യമാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ഡി) അടുത്ത ശബരിമല സീസണിനുമുമ്പ് ഏതെല്ലാം പദ്ധതികൾ പൂർത്തിയാക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ആകെ എത്ര കോടി രൂപയുടെ പദ്ധതിയാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; പദ്ധതിക്കാവശ്യമായ തുക എങ്ങനെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) നിലയ്ക്കൽ പ്രധാന ബേസ് ക്യാമ്പായി വികസിപ്പിക്കുവാൻ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുണ്ട്. നിലയ്ക്കലിൽ വാഹനങ്ങളുടെ പാർക്കിംഗ് സൗകര്യം വിപുലപ്പെടുത്തുക, ഉൾറോഡുകളുടെ നിർമ്മാണം, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ, ചെക്ക് ഡാം താമസത്തിനായി ശബരി ഹൗസുകളുടെ നിർമ്മാണം, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയും ഉദ്ദേശിക്കുന്നു.

(ഡി) നിലയ്ക്കൽ പാർക്കിംഗ് സംവിധാനം വിപുലപ്പെടുത്തുകയും പ്രധാന ബേസ് ക്യാമ്പായി വികസിപ്പിക്കുകയും ചെയ്യുക, നിലയ്ക്കലിൽ ഉൾറോഡുകളുടെ നിർമ്മാണം, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ, ചെക്ക് ഡാം, ശബരി ഹൗസുകൾ എന്നീ പ്രവൃത്തികൾ, ശബരിമലയിൽ ക്യൂ കോംപ്ലക്സ്, വലിയ നടപ്പന്തലിന്റെ നവീകരണം, പ്രസാദ കോംപ്ലക്സ് പുനർവിന്യാസം ചന്ദ്രാനന്ദൻ റോഡിലേക്കുള്ള പാലത്തിന്റെ നിർമ്മാണം, പരമ്പരാഗത പാതകളുടെ വിപുലീകരണം എന്നിവ അടുത്ത സീസണു മുമ്പായി ചെയ്യാൻ ദേവസ്വം ബോർഡ് ഉദ്ദേശിക്കുന്നു.

(ഇ) വരും വർഷം 122.50 കോടി രൂപയുടെ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്. വിഭവ സമാഹരണത്തിനായി 'ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ട്രസ്റ്റ്' രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

മകരജ്യോതിയുമായി ബന്ധപ്പെട്ട് ഹൈക്കോടതി ആവശ്യപ്പെട്ട വിശദീകരണങ്ങൾ

231 (T1701) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിൽ നടക്കുന്ന മകരജ്യോതിയുമായി ബന്ധപ്പെട്ട് ഹൈക്കോടതി എന്തൊക്കെ വിശദീകരണങ്ങളാണ് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നത് എന്നറിയിക്കുമോ ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly